# കേരള സർവകലാശാല

നം.പി.ആർ.147/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ജൂലൈ 10, 11 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി (LISB 47 – Information Technology)പ്രാക്ടിക്കൽ യഥാക്രമം ജൂലൈ 29, 30 തീയതികളിലേയ്ക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് 2019–21 അദ്ധ്യയന വർഷത്തിലേക്കുള്ള എം.എഡ് സ്പോട്ട് അഡ്മിഷൻ ജൂലൈ 10 ന് അതാത് കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ അന്നേ ദിവസം ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലങ്ങൾ

എട്ടാം സെമസ്റ്റർ ബി.ടെക് ബിരുദം (2013 സ്കീം) ഡിസംബർ 2018 സപ്ലിമെന്ററി പരീക്ഷയുടെ മെക്കാനിക്കൽ, പ്രൊഡക്ഷൻ, ആട്ടോമൊബൈൽ, ഇൻഡസ്ട്രിയൽ, ബയോടെക്, എയറോനോട്ടിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, അപ്ലൈഡ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ 18 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

## സീറ്റ് ഒഴിവ്

കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) 2019-20 പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി 2019 ജൂലൈ 12-ാം തീയതി രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471-2308839, 09446533386

തിരുവനന്തപുരം,
08-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in